പതിമൂന്നാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 397 02.12.2014-ൽ മറുപടിയ്ക്ക്

# സംസ്ഥാനത്തെ വൈദ്യുതി നിയന്ത്രണം

ചോദ്യം

ശ്രീ. കെ. രാധാകൃഷ്ണൻ :

(എ) സംസ്ഥാനത്ത് ഇപ്പോൾ വൈദ്യുതി നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ടോ ;

(ബി) എങ്കിൽ അപ്രകാരം വൈദ്യുതി നിയന്ത്രണത്തിനുള്ള സാഹചര്യങ്ങൾ വിശദമാക്കാമോ ?

(സി) വൈദ്യുതി നിയന്ത്രണം എന്ന് ഒഴിവാക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

ശ്രീ. ആര്യാടൻ മുഹമ്മദ്
(ഊർജ്ജ വകുപ്പു മന്ത്രി)

(എ), (ബി) & (സി) ഇല്ല. എന്നാൽ കേന്ദ്ര നിലയങ്ങളിൽ നിന്നുള്ള വൈദ്യുതി ലഭ്യതയിൽ ഉണ്ടാകുന്ന കുറവ് മൂലമോ പ്രസരണ ലൈനുകളുടെ തകരാറു മൂലമോ ഒഴിവാക്കാനാവാത്ത സന്ദർഭങ്ങളിൽ മാത്രം താൽക്കാലികമായി വൈദ്യുതി നിയന്ത്രണങ്ങൾ ഏർപ്പെടുത്താറുണ്ട്. ഈ വർഷം വൈദ്യുതി ബോർഡ് സംസ്ഥാനത്തിന് പുറത്തുനിന്നുള്ള വൈദ്യുതി വ്യാപാരികളിൽ നിന്നും, മറ്റ് വൈദ്യുതി ഉൽപ്പാദകരിൽ നിന്നും കരാറിലേർപ്പെട്ടിട്ടുള്ള മുഴുവൻ വൈദ്യുതിയും ലഭിക്കുകയും കേന്ദ്രപൂളിൽ നിന്നും സംസ്ഥാനത്തിനനുവദിച്ചിട്ടുള്ള മുഴുവൻ വൈദ്യുതിയും ലഭിക്കുകയും ചെയ്യുന്ന പക്ഷം സംസ്ഥാനത്ത് ഈ വർഷം ലോഡ്ഷെഡിംഗോ, പവർകട്ടോ ആവശ്യമായി വരുന്നില്ല. എന്നാൽ നിലവിൽ രാജ്യത്തെ മറ്റ് മേഖലകളിൽ നിന്നും ദക്ഷിണേന്ത്യയിലേയ്ക്ക് വൈദ്യുതി കൊണ്ടു വരുന്നതിനും ദക്ഷിണഗ്രിഡിൽ തന്നെ S1 മേഖലയിൽ നിന്നും S2 മേഖലയിലേയ്ക്ക് വൈദ്യുതി കൊണ്ടു വരുന്നതിനും പ്രസരണ ശൃംഖലയിൽ അപര്യാപ്തത നിലനിൽക്കുന്നതിനാൽ കരാറിലേർപ്പെട്ട വൈദ്യുതി കൊണ്ടുവരാൻ സാധിക്കാത്ത സ്ഥിതിവിശേഷമാണ് നിലവിലുള്ളത്. സംസ്ഥാനത്തെ ദ്രവ ഇന്ധന നിലയങ്ങളായ NTPC, BSES, Kochi തുടങ്ങിയവയിൽ നിന്നും കൂടുതൽ വിലയ്ക്ക് വൈദ്യുതി വാങ്ങിയാണ് സംസ്ഥാനത്തിന്റെ പുറത്തു നിന്നും വൈദ്യുതി ബോർഡ് കരാറിലേർപ്പെട്ട വൈദ്യുതി കൊണ്ടുവരാൻ സാധിക്കാത്തതു മൂലമുള്ള കുറവ് പരിഹരിക്കുകയും, അതുവഴി ലോഡ്ഷെഡിംഗും, പവർകട്ടും ഒഴിവാക്കുകയും ചെയ്തുവരുന്നത്.

സെക്ഷൻ ഓഫീസർ.